(സി) പരിഗണനയിലില്ല.

(ഡി&ഇ) ദേവസ്വം ബോർഡുവക ക്ഷേത്രങ്ങളെയാണ് ഇടത്താവളങ്ങളായി പ്രഖ്യാപിക്കുന്നത്. എല്ലാ സൗകര്യങ്ങളും ഒരുക്കുന്നത് ദേവസ്വം ബോർഡാണ്. ഇടത്താവളങ്ങളിൽ ഭക്തജനങ്ങൾക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യം, കുടിവെള്ള വിതരണം ടോയ്‌ലറ്റ് സൗകര്യം എന്നിവ ബോർഡ് ഏർപ്പെടുത്താറുണ്ട്. കൂടാതെ, സന്നദ്ധ സംഘടനകളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ അന്നദാനവും നടത്താറുണ്ട്.

ക്ഷേത്രങ്ങളിലെ ജ്യോത്സന്മാരുടെ നിയമനം

243 (1714) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായത്തിന് ക്ഷേത്രജ്യോത്സ്യൻമാരുടെ നിയമനത്തിൽ പരിഗണന നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജ്യോത്സ്യന്മാരുടെ നിയമനം പിഎസ്‌സി-ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ക്ഷേത്രങ്ങളിൽ ജ്യോത്സ്യന്മാരെ നിയമിക്കുമ്പോൾ പാരമ്പര്യമായി ഈ തൊഴിൽ ചെയ്യുന്ന സമുദായത്തിന് പ്രത്യേക പരിഗണന നൽകുന്നതിന് ദേവസ്വം ബോർഡുകൾക്ക് സർക്കാർ ഉത്തരവ് നൽകാൻ തയ്യാറാകുമോ ;

(സി) ഇപ്പോൾ ക്ഷേത്രങ്ങളിലെ ജ്യോത്സ്യൻമാരുടെ നിയമനം എപ്രകാരമാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; കളരിക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കാൻ പ്രത്യേക സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ജ്യോത്സ്യൻ എന്ന തസ്തിക നിലവില്ല.

(സി) ബാധകമല്ല. കളരിക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നകാര്യം ആവശ്യമെങ്കിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണത്തിന് ട്രസ്റ്റ് രൂപീകരിക്കണമെന്ന ഉത്തരവ്

244 (1715) ശ്രീ. കെ. സി. രാജഗോപലൻ :
ശ്രീ. ബി. രാഘവൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. സി. എച്ച് കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീപത്മനാഭസ്വാമിക്ഷേത്രം സർക്കാർ ഏറ്റെടുക്കണമെന്ന് കേരള ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ ; എങ്കിൽ വിധിന്യായത്തിന്റെ വിശദാംശം നൽകുമോ ; ഏത് സാഹചര്യത്തിലാണ് ഈ വിഷയം കോടതിയുടെ മുന്നിലെത്തിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്ഷേത്രഭരണത്തിന് ട്രസ്റ്റ് രൂപീകരിക്കണമെന്ന ഉത്തരവ് നടപ്പാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ ;

(സി) ക്ഷേത്രത്തിന്റെ അധീനതയിലുള്ള വിലപിടിപ്പുള്ള വസ്തുക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ;

(ഡി) ക്ഷേത്ര ഭരണത്തിന് ട്രസ്റ്റ് രൂപീകരിക്കുന്നതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു നിയമാനുസൃത ട്രസ്റ്റോ സമാനമായ സമിതിയോ രൂപീകരിച്ച് ക്ഷേത്രഭരണം സർക്കാർ ഏറ്റെടുക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ക്ഷേത്രത്തിനുള്ളിലെ കല്ലറകൾ തുറന്ന് ഉരുപ്പടികൾ തിട്ടപ്പെടുത്തുവാനുള്ള ക്ഷേത്രഭാരവാഹികളുടെ ശ്രമം ചില ഭക്തരും നാട്ടുകാരും ഇടപെട്ടു തടയുകയും പ്രശ്നങ്ങൾ ഉണ്ടാക്കി കോടതിയെ സമീപിക്കുകയും ഇൻജക്ഷൻ ഉത്തരവ് വാങ്ങുകയും ചെയ്യുകയുണ്ടായി. തുടർന്ന് ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട വിവിധ കേസ്സുകളിലാണ് ഉത്തരവായിട്ടുള്ളത്.

(ബി-ഡി) ഹൈക്കോടതി വിധിയിലെ നിർദ്ദേശങ്ങൾ നിയമപ്രകാരം പരിശോധിച്ചശേഷം ഉചിതമായ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

സർക്കാർ പ്രസ്സ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

245 (1716) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ പ്രസ്സ് ജീവനക്കാരുടെ നിലവിലുള്ള സ്പെഷ്യൽ റൂൾസ് കാലികമായി പരിഷ്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിലുണ്ടോ ;

(ബി) നിലവിലുള്ള സ്പെഷ്യൽ റൂൾസ് എന്നാണ് നടപ്പിലാക്കിയത് ; അതിനുശേഷം എത്ര പ്രാവശ്യം പരിഷ്കരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സർക്കാർ പ്രസ്സുകളിലെ സാങ്കേതികവിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് കാലാനുസൃതമായി പരിഷ്കരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 22-9-1976 ; മൂന്നുപ്രാവശ്യം ;

1-7-1980-ൽ ജി.ഒ.(പി) നമ്പർ 100/80/ഉ.വി.വ. (എസ്.ആർ.ഒ. നമ്പർ 641/80) പ്രകാരവും 30-8-1984-ൽ ജി.ഒ.(പി) നമ്പർ 228/84/ഉ.വി.വ (എസ്.ആർ.ഒ. നമ്പർ 1044/84) പ്രകാരവും 6-7-1992-ൽ ജി.ഒ.(പി) നമ്പർ 26/92/ ഉ.വി.വ (എസ്.ആർ.ഒ) നമ്പർ 1255/92) പ്രകാരവുമാണ് പരിഷ്കരണം നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly